Draft #4 of File ACAIV/2/LL.B INTERNAL REDO(2013 ADMISSION)/2019 Approved by ASSISTANT REGISTRAR II (ACADEMIC) on 06-Jan-2020 04:56 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പഞ്ചവത്സര ബി.എ ,എൽ.എൽ.ബി കോഴ്സിന്റെ 2011 ,2012 ബാച്ചുകൾക്ക അനുവദിച്ച ഇന്റേർണൽ റീഡു വ്യവസ്ഥ ടി കോഴ്സിന്റെ 2013 അഡ്മിഷൻ ബാച്ചിന് കൂടി ബാധകമാക്കി ഉത്തരവാകുന്നു .

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 155/AC A 4/2020/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 13.01.2020

---

പരാമർശം:-1. 28/01/19 -ലെ 248 /2019/MGU - ADMINISTRATION -നമ്പർ സർവ്വകലാശാല ഉത്തരവ്

2. 30/11/2019 -ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ . 122/ACAIV/2/LLB INTERNAL REDO(2013 ADMISSION)/2019(31 .12 .2019 ലെ സിൻഡിക്കേറ്റ് യോഗത്തിൽ ഇനം നം 01 / 19 .11 / 190797 ആയി സമർപ്പിച്ചത്)

**ഉത്തരവ്**

ബഹു.കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ,മേൽ സൂചന 1 പ്രകാരം ബി.എ,എൽ.എൽ.ബി കോഴ്സിന്റെ 2011,2012 അഡ്മിഷൻ ബാച്ചുകൾക്ക് ഉപാധികളോടെ ഇന്റേർണൽ റീഡു അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

ടി ഇന്റേർണൽ റീഡു വ്യവസ്ഥ 2013 അഡ്മിഷൻ ബാച്ചിന് കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതാനും വിദ്യാർത്ഥികൾ സർവ്വകലാശാല മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും, ബഹു കേരള ഹൈക്കോടതിയിൽ റിട്ട് ഹർജികൾ സമർപ്പിക്കുകയും ചെയ്തിരുന്നു.

ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലർ 2011,2012 ബാച്ചുകളിലെ പഞ്ചവത്സര ബി.എ,എൽ.എൽ.ബി വിദ്യാർത്ഥികൾക്ക് അനുവദിച്ച ഇന്റേർണൽ റീഡു വ്യവസ്ഥ ടി കോഴ്സിന്റെ 2013 അഡ്മിഷൻ ബാച്ചിന് കൂടി ബാധകമാക്കുന്നത് സംബന്ധിച്ച വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിരുന്നു .അപ്രകാരം, 30.11.2019 -ൽ ചേർന്ന അക്കാദമിക് കൗൺസിൽ യോഗം ടി വിഷയം പരിഗണിക്കുകയും മേൽ സൂചന 2 പ്രകാരം, '2011,2012 ബാച്ചുകളിലെ പഞ്ചവത്സര എൽ.എൽ.ബി വിദ്യാർത്ഥികൾക്ക് അനുവദിച്ച ഇന്റേർണൽ റീഡു വ്യവസ്ഥ ബി.എ,എൽ.എൽ.ബി കോഴ്സിന്റെ 2013 അഡ്മിഷൻ ബാച്ചിന് കൂടി അനുവദിക്കാൻ തീരുമാനിക്കുകയുമുണ്ടായി'

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പി.എസ് ടു വി.സി/ പി.വി.സി
2. പി.എ ടു രജിസ്ട്രാർ / പരീക്ഷ കൺട്രോളർ
3. ജെ.ആർ /ഡി.ആർ / എ.ആർ (അക്കാദമിക് /പരീക്ഷ)
4 .ഇ.ഐ 29/33/37 സെക്ഷനുകൾ
5 . എ.സി.സി I/II സെക്ഷനുകൾ
6 . കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
7 . റെക്കോർഡ് സെക്ഷൻ / ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File ACAIV/2/LL.B INTERNAL REDO(2013 ADMISSION)/2019 Approved by ASSISTANT REGISTRAR II (ACADEMIC) on 06-Jan-2020 04:56 PM - Page 2